## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4084 — 12.12.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോ/മാവേലി സ്റ്റോർ വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം

**ചോദ്യം**
ശ്രീ.ഹൈബി ഈഡൻ

**ഉത്തരം**
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ/മാവേലി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളിൽ സാധനങ്ങൾ വാങ്ങുമ്പോൾ ഗുണനിലവാര പരിശോധനയ്ക്ക് എന്ത് സംവിധാനമാണ് നിലവിലുള്ളത്; | (എ) | ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയും NFSA (National Food Security Act) ഗോഡൗണുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ച ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയും അതാത് ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പുവരുത്തുവാൻ പരിശോധന നടത്തിയതിനു ശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുകയും ആവശ്യമെങ്കിൽ ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. |
| (ബി) | ഈ സർക്കാർ കാലയളവിൽ സപ്ലൈകോ/മാവേലി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളിൽ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി നടത്തിയ പരിശോധനകളുടെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | 31.10.2018 വരെ സപ്ലൈകോ വഴി വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ 2449 സാമ്പിളുകൾ CFRD-യിൽ (Council for Food Research & Development) അയച്ച് പരിശോധന നടത്തിയിട്ടുണ്ട്. |
| (സി) | മാവേലി സ്റ്റോർ/ സപ്ലൈകോ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് | (സി) | ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾ വിൽപ്പനശാലകളിൽ നിന്ന് പിൻവലിക്കുകയും |

| | | | |
|---|---|---|---|
| | ഗുണനിലവാരമില്ലാത്ത സാധന ങ്ങൾ വിൽക്കുന്നത് ഇല്ലാതാക്കുന്ന തിന് ശാശ്വതമായ പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ? | | സപ്ലൈയർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും തുടങ്ങിയ അടിയന്തിര നടപടികൾ നടപ്പിലാക്കി വരുന്നു. ഗുണനിലവാര പരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ ഭക്ഷ്യസുരക്ഷാ വിഭാഗത്തിനു നൽകി തുടർ പരിശോധനകളും സാധ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ